

■ ലേഖനം

പ്രത്യേക ലേഖകൻ

# നന്ദിഗ്രാമിലെ ഇരുൾമറക്കുള്ളിൽ

**നന്ദിഗ്രാം** എന്ന താലൂക്കും അതിന്റെ ചുറ്റുമുള്ള 27 ഗ്രാമങ്ങളും ജനകീയ പ്രതിരോധത്തിന്റെയും മനുഷ്യന്റെ ഇഛാശക്തിയുടെയും കഥ പറയാൻ തുടങ്ങിയിട്ട് ഏകദേശം ഒരു വർഷം പിന്നിട്ടു. സ്വന്തം കിടപ്പാടവും കൃഷിഭൂമിയും വികസനത്തിന്റെ പേരിൽ തട്ടിപ്പറിച്ചെടുക്കുന്ന സാഹചര്യമാണ് ഉയിരുകൊടുത്തും വിയർപ്പൊഴുക്കിയും ഇവിടത്തെ കർഷകർ എതിരിട്ടുനിന്നത്. സംസ്ഥാനത്തെ അടിമുടി ചൊൽപ്പടിയിൽ നിർത്താൻകഴിഞ്ഞ ഒരു ഭരണകൂടവും 30 വർഷം ഇടതടവില്ലാതെ നീണ്ട അവരുടെ ഭരണം പെറ്റുവളർത്തിയ ഗുണ്ടകളുമാണ് ഒരു ഭാഗത്ത്. പോലീസ് എന്ന വ്യവസ്ഥയും അധികാരികൾ എന്ന ഭരണഘടനാക്രമവും നാടു ഭരിച്ച പാർട്ടിയുടെ തണലിൽനിന്ന് ഒരിക്കലും പുറത്തേക്കു തല നീട്ടിയിട്ടില്ലാത്ത സംസ്ഥാനം. പ്രതിപക്ഷമെന്നു പറയാൻ ഒന്നിനും കൊള്ളാത്ത കുറെ അവസരവാദികളും. എന്നിട്ടും ധീരോദാത്തമായി കർഷകർ പോരാടി. രാജാക്കന്മാരുടെ കാലത്തെ യുദ്ധങ്ങളെ അനുസ്മരിപ്പിച്ച് നഗരകവാടങ്ങൾ അടച്ചും റോഡിൽ കിടങ്ങുകൾ കീറിയും മുളവടിയും വാരിക്കുന്തവും തെങ്ങിൻപട്ടയും കൈയിലേന്തിയും ആയുധങ്ങളേക്കാളേറെ ആശയങ്ങൾ കൊണ്ടു നയിച്ച യുദ്ധം. വിശപ്പകറ്റാൻ വിപ്ലവഗാനങ്ങളും ലഘുലേഖകളും നേതാക്കളുടെ പ്രസംഗങ്ങളും. സമരപ്പന്തലിൽ വിളമ്പുന്ന കഞ്ഞിയിൽ ഗ്രാമത്തിന്റെ കണ്ണീരുപ്പ്. ഹിന്ദുവില്ല മുസ്‌ലിമുമില്ല. ഉള്ളത് കിടപ്പാടം അന്യാധീനപ്പെടുന്ന കർഷകൻ മാത്രം. ഇന്ത്യാ ചരിത്രത്തിൽ തന്നെ അനന്യമായ ഈ സമരം പക്ഷേ ഏതാണ്ട് പാതിവഴിയിൽ നിലച്ചുവെന്ന് പറയലാണ് കാലത്തോടു ചെയ്യുന്ന നീതി. സ്വന്തം കൃഷിഭൂമികൾ പ്രതിരോധിക്കാനായി ഇനിയൊരിക്കൽ കൂടി വാരിക്കുന്തങ്ങളുമായി ഇവിടത്തെ കർഷകന് മടങ്ങിയെത്താനാവുമെന്ന് വിശ്വസിക്കുക പ്രയാസം. അവരുടെ ഭൂമികളിൽ ഭരണകൂട ഭീകരതയുടെ മുദ്രകൾ അരക്കും സീലുമിട്ട് പതിഞ്ഞുകഴിഞ്ഞു. പൊന്നുവിളഞ്ഞ ഭൂമിയിൽ ചെങ്കൊടിയുടെ കൊല്ലും കൊലയും. സ്വപ്നം വിളഞ്ഞ മൺചുവരുകൾക്കുള്ളിൽ കത്തിവീണ മേൽപ്പുരയുടെ കരിക്കട്ടകൾ. വീടും ഭൂമിയും നഷ്ടപ്പെട്ടവന്റെ വേദനയുമായി ആയിരങ്ങൾ ഓടിയകന്ന ഈ ഗ്രാമങ്ങളിൽ ശ്മശാനങ്ങളെ തോൽപ്പിക്കുന്ന നിശ്ശബ്ദതയാണ് ബാക്കിയുള്ളത്. സർക്കാറിന്റെ ഭാഷയിൽ ഇത് സമാധാനം തിരിച്ചെത്തിയതിന്റെ അടയാളമാണ്! ഗുണ്ടകൾ ഒഴിഞ്ഞുപോയാൽ സ്വാഭാവികമായും ശൂന്യതയുണ്ടാകുമെന്ന് സി.പി.എം വിശദീകരിക്കുന്നു. സർക്കാറിന് ഭൂമി വിട്ടുകൊടുക്കാൻ സമ്മതിച്ചതിന്റെ പേരിൽ 'പീഡിപ്പിക്കപ്പെട്ട' പാർട്ടി അനുഭാവികളുടെ ദുരന്തമായിരുന്നുവത്രെ കൂടുതൽ വലിയത്.

പശ്ചിമ ബംഗാളിന്റെ തലസ്ഥാനമായ കൊൽക്കത്തയിൽനിന്ന് ദേശീയപാതയിലൂടെ 200 കിലോമീറ്റർ ദൂരമേ നന്ദിഗ്രാമിലേക്കുള്ളൂ. നാട്ടുവഴികൾ താണ്ടിയാൽ അതിലും കുറഞ്ഞ ദൂരം കൊണ്ടെത്താം. സംസ്ഥാനത്തിന്റെ പരമദയനീയമായ വികസന ചിത്രത്തിന് തൊടുകുറിയിടാൻ ഇതിനേക്കാൾ പറ്റിയ കുഗ്രാമങ്ങൾ വേറെ കണ്ടുകിട്ടാനിടയില്ല. 1970-കളിൽ കേരളത്തിൽ ഉണ്ടായിരുന്ന ജീവിത നിലവാരമാണ് ബംഗാളിന്റെ മിക്ക ഗ്രാമങ്ങളിലും ഇന്നുമുള്ളത്. ദാരിദ്ര്യം മുഖമുദ്രയായ ഒരു ജനതയുടെ ജീവിതം നമ്മെ ആശ്ചര്യപ്പെടുത്തും. ബംഗാളിന്റെ ഗ്രാമീണ ദൃശ്യങ്ങളിൽ ആഴ്ചച്ചന്തയും സൈക്കിൾ സവാരിയും പച്ചക്കട്ട കൊണ്ടുണ്ടാക്കിയ വീടുകളും മണ്ണുതേച്ച കടകളും പെട്ടിപ്പീടികകൾ പോലുള്ള ആശുപത്രികളുമൊക്കെയേ ഉള്ളൂ. ഓട്ടോറിക്ഷയും ടാക്സി കാറും കാണണമെങ്കിൽ പോലും കൊൽക്കത്തയിൽ പോകണം. കമ്യൂണിസം നാടുവാണ കേരളത്തിലെ സ്ഥിതി പക്ഷേ ഇങ്ങനെയല്ലല്ലോ. കടകളിലും കമ്പോളത്തിലും വന്ന പുത്തൻകൂറ്റ് മലയാളിയുടെ ഗ്രാമങ്ങളിൽ പോലും ഇന്ന് മുഴങ്ങുന്നുണ്ട്. വാഹനങ്ങളും വീടും ഉപഭോഗസംസ്കാരവും മറ്റേതു സംസ്ഥാനത്തേക്കാളും വേറിട്ടുനിൽക്കുന്നതും കേരളത്തിലാണ്. പക്ഷേ ബംഗാളിൽ ജനജീവിതത്തിന്റെ ബാഹ്യമായ മുഖങ്ങൾക്ക് കഴിഞ്ഞ പതിനഞ്ചു വർഷത്തിനിടയിൽ കണ്ട മാറ്റം റോഡുകൾ കുറേക്കൂടി അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട് എന്ന

തുമാത്രം. 90കളുടെ പകുതിയിൽ കൊൽക്കത്തയിൽനിന്നും മുർശിദാബാദിലേക്കുള്ള യാത്ര, അതായത് സംസ്ഥാനത്തിന്റെ രണ്ട് പ്രധാന പട്ടണങ്ങൾക്കിടയിലൂടെ ഹൈവേയിലൂടെയുള്ള യാത്ര, നടുവൊടിയുമാറ് കുണ്ടും കുഴിയുമുള്ള റോഡിലൂടെയായിരുന്നുവെങ്കിൽ ഇന്ന് ഗ്രാമങ്ങളിൽ പോലും അൽപസ്വൽപം ഭേദപ്പെട്ട റോഡുണ്ട് എന്നു മാത്രം. എന്നുവെച്ച് റോഡുകൾ സഞ്ചാരയോഗ്യമാണ് എന്നൊന്നും തെറ്റിദ്ധരിക്കരുത്. ഏതു വാഹനത്തിലായാലും 40 കിലോമീറ്ററിൽ അധികമുള്ള വേഗത ആർഭാടമാണ്. എല്ലാറ്റിനും കമ്യൂണിസ്റ്റുകാർക്ക് സ്വന്തമായ ന്യായവും പറയാനുണ്ട്. അന്നത്തെ യാത്രയിൽ ബസ് ഡ്രൈവർ പറഞ്ഞത് 'റോഡുകൾ നന്നാക്കിയിട്ടാൽ വേഗത കൂടി അപകടങ്ങൾ വർധിക്കും' എന്നാണ്. വാഹനങ്ങളും യാത്രയുമൊക്കെ ഇന്നും അന്നത്തെ മട്ടിൽ തന്നെ. നൂറു സൈക്കിൾ യാത്രക്കാർക്കിടയിൽ ഏറിയാൽ രണ്ടോ മൂന്നോ ബൈക്ക് യാത്രക്കാരെ കണ്ടേക്കാം. ഒരുപക്ഷേ ഈ ദാരിദ്ര്യമായിരിക്കാം നന്ദിഗ്രാമിലെ കർഷക സമരത്തിന്റെ ആണിക്കല്ലായി വർത്തിച്ചിരിക്കുക. വല്ലതും ഒരുനേരം ആഹരിക്കുന്നുണ്ടെങ്കിൽ അത് അവനവന്റെ കൃഷിഭൂമിയിൽനിന്നു കിട്ടുന്ന വരുമാനം കൊണ്ടായിരുന്നു. അതും കൂടി പിടിച്ചുപറിക്കാൻ സർക്കാരല്ല കാറൽ മാർക്സ് നേരിട്ടു വന്നാലും നടക്കാൻ പോകുന്നില്ലായിരുന്നു.

നന്ദിഗ്രാം ഏറ്റവുമൊടുവിൽ വാർത്തയായ നവംബർ 6-ലെ സംഭവങ്ങൾ നേരത്തേ നടന്ന പലതിന്റെയും ഭാഗം മാത്രമാണ്. കഴിഞ്ഞ കുറെക്കാലമായി ബംഗാളിലെ സർക്കാറും സി.പി.എമ്മും നേരിട്ടുവന്ന പ്രതിസന്ധികളുടെ തുടർച്ച. വികസനവും സ്വകാര്യമേഖലയും കേട്ടുകേൾവിയായ ഒരു സംസ്ഥാനത്ത് കമ്യൂണിസം ആരംഭിച്ച ചില അഴിച്ചുപണികളായിരുന്നു പ്രതിസന്ധികളുടെ മൂലകാരണം. സംസ്ഥാനത്തിന്റെ ദയനീയത മാറ്റിയെടുക്കാനായി മുഖ്യമന്ത്രിക്കസേരയിൽ ബുദ്ധദേവ് ഭട്ടാചാര്യയെ പാർട്ടി കുടിയിരുത്തുന്നു. ഈ മുഖ്യമന്ത്രി പുതിയ ആഗാളവൽക്കരണ പ്രത്യയശാസ്ത്രത്തിന്റെ മാഹാത്മ്യങ്ങളിലേക്ക് ബംഗാളിന്റെ വാതായനങ്ങൾ മലർക്കെ തുറന്നിടാനും തുടങ്ങുന്നു. രാസപദാർഥ നിർമാണശാലകൾക്കു വേണ്ടി പ്രത്യേക സാമ്പത്തിക മേഖല (സെസ്) പ്രഖ്യാപിച്ചത് ഇതിന്റെ ഭാഗമായായിരുന്നു. ജനസാന്ദ്രത കൂടുതലുള്ള ഒരു സംസ്ഥാനത്ത് ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ ആരെ, എവിടെ കുടിയൊഴിപ്പിക്കുമെന്നത് ഏതു സർക്കാറിനെയും അലട്ടേണ്ടിയിരുന്ന ചോദ്യമാണ്. ഈ ചോദ്യത്തിന് കുറുക്കുവഴിയിലൂടെ ഉത്തരം കണ്ടെത്തിയതാണ് ബംഗാളിലെ സർക്കാറിനും അവർക്ക് ബുദ്ധിയുപദേശിച്ച സി.പി.എമ്മിനും പറ്റിയ പാളിച്ച. ഒന്നാന്തരം കൃഷിഭൂമി, അതും താരതമ്യേന ഏറ്റവും കൂടിയ ജനസാന്ദ്രതയുള്ള ചില പഞ്ചായത്തുകളിൽ നിന്ന് ഒഴിപ്പിച്ചെടുക്കാനാണ് സർക്കാർ തീരുമാനിച്ചത്. ജനസംഖ്യാതോതനുസരിച്ച് മുസ്‌ലിംകളും ഹിന്ദുക്കളും ഈ ഗ്രാമങ്ങളിൽ ഏതാണ്ട് ഒപ്പത്തിനൊപ്പമോ മുസ്‌ലിം ജനസംഖ്യ അൽപം കൂടുതലോ ആയിരുന്നു. ഇത്രയും കാലമായി ഈ മുഴുവൻ ഗ്രാമങ്ങളും നൂറ്റുക്ക് നൂറു ശതമാനവും പാർട്ടിയുടെ ശക്തികേന്ദ്രങ്ങളുമായിരുന്നു. തങ്ങൾ തീരുമാനിച്ചാൽ അതിനെതിരെ ഒരു കുഞ്ഞുപോലും നന്ദിഗ്രാമിൽ വിരലനക്കില്ലെന്ന് പാർട്ടി കണക്കുകൂട്ടി. പക്ഷേ രാഷ്ട്രീയത്തിനതീതമായും മനുഷ്യന് ഇഛാശക്തിയുണ്ടാവുമെന്നും സംഘടിക്കാൻ തീരുമാനിച്ചാൽ പാർട്ടിയല്ല പട്ടാളം വിചാരിച്ചാൽ പോലും തടുത്തുനിർത്താനാവില്ലെന്നും ഇപ്പോൾ സി.പി.എമ്മിന് തിരിച്ചറിയേണ്ടി വന്നു.

30 വർഷമായി തടസ്സമില്ലാതെ ഒഴുകിയ ബംഗാളിലെ സി.പി.എം നൗക ചുഴുയിൽ പെടുന്നത് അങ്ങനെയാണ്. ജംഇയ്യത്തു ഉലമായെ ഹിന്ദ്, ജമാഅത്തെ ഇസ്‌ലാമി പോലുള്ള മുസ്‌ലിം സംഘടനകളും എസ്.യു.സി.ഐയും ചില പ്രാദേശിക സംഘടനകളും ചേർന്ന് ഭൂമി ഉഛരഡ് പ്രതിരോധ് കമ്മിറ്റിക്ക് രൂപം കൊടുത്തു. സി.പി.എമ്മിന്റെ രാഷ്ടീയ എതിരാളികളായ തൃണമൂൽ കോൺഗ്രസ്സും ബി.ജെ.പിയും സാക്ഷാൽ കോൺഗ്രസ്സും കമ്മിറ്റിയുടെ ഒപ്പം കൂടി. ഇതോടെ ഗ്രാമങ്ങളിൽനിന്ന് സി.പി.എം ഒറ്റയടിക്ക് അപ്രത്യക്ഷമാകുകയും പക

**വിരലിലെണ്ണാവുന്ന ഒരുകൂട്ടം 'അഭയാർഥികളെ' പുനരധിവസിപ്പിക്കാനായി എണ്ണിയാലൊടുങ്ങാത്ത ജനങ്ങളെ അഭയാർഥികളാക്കുകയാണ് നന്ദിഗ്രാമിൽ ഇപ്പോൾ നടന്നത്. ഉടുതുണിക്ക് മറുതുണിയില്ലാതെ ഈ പാവങ്ങൾ നന്ദിഗ്രാം ടൗണിലെ ഒരു സ്കൂളിനു ചുറ്റുമായി അലഞ്ഞുനടക്കുകയാണ്. ഭക്ഷണത്തിനും തൊഴിലിനും മറ്റ് മാർഗങ്ങൾ ഉള്ളവർ കൊൽക്കത്തയിലേക്കും മറ്റുമായി ഒഴിഞ്ഞുപോയി. ഭർത്താക്കന്മാർ എവിടെയെന്നറിയാത്ത സ്ത്രീകളും കൃഷിയല്ലാതെ മറ്റു വരുമാന മാർഗങ്ങൾ ഇല്ലാത്ത പാവങ്ങളുമാണ് ഇപ്പോൾ ബ്രിജ്മോഹൻ തിവാരി സ്കൂളിലെ അഭയാർഥി ക്യാമ്പിലുള്ളത്.**



രം ബി.യു.പി.സി എന്ന വിശാലമായ പൊതുവേദി രൂപം കൊള്ളുകയും ചെയ്തു. സെസ് നടപ്പാക്കാനുള്ള സർക്കാറിന്റെ ശ്രമങ്ങളെ ജനങ്ങൾ എതിർത്തുതോൽപ്പിച്ചതിന്റെ വിമ്മിട്ടം ഒരു ഭാഗത്ത്. സർക്കാറിനൊപ്പം നിന്നതിന് മേഖലയിലെ വിരലിലെണ്ണാവുന്ന ചില സി.പി.എം പ്രവർത്തകർ അനുഭവിക്കേണ്ടിവന്ന പ്രയാസങ്ങൾ മറുഭാഗത്ത്. ഇതിനിടയിലാണ് നന്ദിഗ്രാമും പരിസര പ്രദേശങ്ങളും സംഘർഷഭൂമിയായത്. ഭൂമി ഉഛെദ് പ്രതിരോധ് കമ്മിറ്റിയുടെ കീഴിൽ സംഘടിച്ച കർഷകർ അനുഭവിച്ച കൊടും ക്രൂരതകൾ സർക്കാറിനെ സംബന്ധിച്ചേടത്തോളം ഒരു വിഷയമേ ആയിരുന്നില്ല. ബൂധാർമൂര് ഗ്രാമത്തിൽനിന്ന് കഴിഞ്ഞ ജനുവരിയിൽ ഈ പ്രക്ഷോഭം തുടങ്ങിയതു തൊട്ട് സി.പി.എം ആയാലും തൃണമൂൽ ആയാലും മറ്റേത് സംഘടനയുടെ പ്രവർത്തകൻ ആയിരുന്നാലും ജനങ്ങൾ നന്ദിഗ്രാമിൽ സമാധാനത്തോടെ ജീവിച്ചിട്ടില്ല. വില്ലേജ് ഓഫീസിൽനിന്നും ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള ആദ്യത്തെ കത്ത് ജനങ്ങൾക്കു ലഭിച്ച ഗ്രാമമാണിത്. അന്നുതൊട്ട് കഴിഞ്ഞ 11 മാസക്കാലമായി നന്ദിഗ്രാമിനകത്തെ മിക്ക ഉൾപ്രദേശങ്ങളിലും ജനജീവിതം നിശ്ചലമായിരുന്നു. ആശുപത്രികളും സ്കൂളുകളും സർക്കാർ സ്ഥാപനങ്ങളും തൊട്ട് ആഴ്ചച്ചന്തകൾ പോലും തടസ്സപ്പെട്ടിരുന്നു. കല്യാണങ്ങളും ആഘോഷങ്ങളും നിലച്ചുപോയിരുന്നു. പലരും ഗ്രാമങ്ങൾ ഉപേക്ഷിച്ച് കൊൽക്കത്തയിലെയും മേദിനിപ്പൂരിലെയും ബന്ധുഗൃഹങ്ങളിലേക്കും മറ്റും ചേക്കേറിയിരുന്നു. കാർഷികവൃത്തിയല്ലാതെ മറ്റെന്തെങ്കിലും ജീവിതായോധന മാർഗങ്ങൾ കൈയിലുള്ളവർ പുതിയ മേച്ചിൽപ്പുറങ്ങളിലേക്ക് നാടുവിട്ടുപോയതിനും എത്രയെങ്കിലും ഉദാഹരണങ്ങളുണ്ട്.

സി.പി.എമ്മിനൊപ്പം നിന്ന് ജനകീയ പ്രക്ഷോഭത്തെ ഒറ്റുകൊടുക്കാൻ ശ്രമിച്ചവർക്ക് ഗ്രാമങ്ങളിൽ താമസം ദുസ്സഹമായി മാറി എന്നത് ശരിയായിരുന്നു. പക്ഷേ കടുത്ത ശാരീരിക പീഡനങ്ങൾക്ക് ഇരയായി സി.പി.എമ്മുകാർ നാടുവിട്ട ഒറ്റപ്പെട്ട സംഭവങ്ങളേ ഉണ്ടായിട്ടുള്ളൂ. എന്നല്ല നാടുവിട്ട സി.പി.എമ്മുകാരിൽ മഹാഭൂരിപക്ഷവും ഭൂമിയില്ലാത്തവരും സർക്കാർ ഉദ്യോഗസ്ഥരും ആയിരുന്നു. സംഭവത്തിന് രാഷ്ട്രീയ മുഖം ഉണ്ടാക്കിയെടുക്കുന്നതിന്റെ ഭാഗമായി ഇത്തരക്കാരെ സർക്കാർ ഏറ്റെടുത്തു. 'പീഡിപ്പിക്കപ്പെട്ട' ഈ സി.പി.എമ്മുകാരെ പുനരധിവസിപ്പിക്കുന്നതിന് ദുരിതാശ്വാസ ക്യാമ്പുകളും ആരംഭിച്ചു. ഒരു കാലത്ത് കശ്മീരി പണ്ഡിറ്റുകളെ വെച്ച് ജഗ്മോഹൻ കളിച്ച കളിയുമായിട്ടായിരുന്നു ഇതിന് താരതമ്യം. ബി.യു.പി.സിക്കാരൻ അനുഭവിച്ച ദുരിതങ്ങളുമായി തട്ടിച്ചു നോക്കിയാൽ ആയിരത്തിലൊന്നു മാത്രമായിരുന്നു സി.പി.എമ്മുകാരന്റെ പ്രയാസം. ആയിരക്കണക്കിന് കർഷകരെ കിടപ്പാടങ്ങളിൽനിന്ന് തൊഴിച്ചെറിയാൻ തീരുമാനിച്ച ബുദ്ധദേവ് സർക്കാറിന് ഈ അഭയാർഥികളെ പുനരധിവസിപ്പിക്കുക എന്നത് മറ്റെന്തിനേക്കാളും അടിയന്തരപ്രാധാന്യമുള്ള അജണ്ടയായി മാറി. ഒപ്പം പാർട്ടിയുടേതും. പോളിറ്റ്ബ്യൂറോയിൽ അടക്കം ചർച്ച ചെയ്താണ് ഒടുവിലത്തെ പുനരധിവാസത്തിന്റെ നടപടിക്രമങ്ങൾ നിശ്ചയിച്ചതെന്നാണ് പറയപ്പെടുന്നത്. പക്ഷേ അതിന് സമവായത്തിന്റെ വഴികളല്ല അവർ അന്വേഷിച്ചുകൊണ്ടിരുന്നത്. പുറത്തുപോയ സി.പി.എമ്മുകാരെ പുനരധിവസിപ്പിക്കുന്നതിന്റെ മറവിൽ ബി.യു.പി.സിക്കാരെ മുഴുവൻ ഗ്രാമങ്ങളിൽനിന്ന് ബലപ്രയോഗത്തിലൂടെ പുറത്താക്കണമെന്നതും ഈ അവിശുദ്ധസഖ്യത്തിന്റെ തീരുമാനമായിരുന്നു.

തക്കവും തഞ്ചവും പാർത്തുകഴിഞ്ഞ ഈ ഭരണകൂട-ഗുണ്ടാ സഖ്യം കഴിഞ്ഞ 11 മാസത്തിനിടയിൽ പലതവണ ഗ്രാമങ്ങളിൽ ഇടിച്ചുകയറാൻ ശ്രമിച്ചു. ജാഗരൂകരായിനിന്ന കർഷകർ മുഷ്കിന്റെ അധിനിവേശത്തെ യുക്തി ഉപയോഗിച്ചാണ് നേരിട്ടുവന്നത്. സി.പി.എമ്മിന്റെ ഗുണ്ടാപ്പടയായ 'ഹർമദ് വാഹിനി' ഗ്രാമം പിടിക്കാൻ വരുന്നുണ്ടെന്ന് കേട്ടാൽ കുട്ടികളെയും സ്ത്രീകളെയും മുന്നിൽ നിർത്തിയായിരുന്നു കർഷകർ റോഡു തടഞ്ഞത്. കർഷകരുമായി ഒരു സായുധ ഏറ്റുമുട്ടൽ നടന്നുവെന്ന് സ്ഥാപിക്കാനുള്ള ഒറ്റ അവസരം പോലും ബംഗാളിൽ ഇന്നേവരെ സി.പി.എമ്മിന് ലഭിച്ചിട്ടില്ല എന്ന



**നന്ദിഗ്രാമിലെ ഗ്രാമങ്ങളിൽ ആർക്കും ഒരു സുരക്ഷിതത്വമില്ല. സി.പി.എമ്മിനെ പേടിച്ച് ആളുകൾ സ്വമേധയാ ഒഴിഞ്ഞു പോകുന്ന അവസ്ഥയാണ് സൃഷ്ടിക്കപ്പെടുന്നത്. കൃഷിഭൂമി സംരക്ഷിക്കാൻ പഴയതു പോലെ ഗ്രാമങ്ങളിൽ സംഘടിച്ച് നിൽക്കുക ഏതാണ്ട് അസാധ്യമായിട്ടുണ്ട്. മേദിനിപ്പൂർ ജില്ലയിലെ മുഴുവൻ ക്രിമിനലുകളും ഇപ്പോൾ നന്ദിഗ്രാമിലാണ് താവളമടിച്ചിട്ടുള്ളത്. അവരെ സംരക്ഷിക്കുന്നതാകട്ടെ സി.പി.എമ്മിന്റെ ഗുണ്ടാപടയായ ഹർമദ് വാഹിനിയും. ഓരോ ഗ്രാമങ്ങളിലും മടങ്ങിയെത്തുന്നവരിൽനിന്ന് ഇവർ ഗുണ്ടാപ്പണം പരിക്കുന്നതായും നൽകാൻ വിസമ്മതിക്കുന്നവരുടെ വിളകൾ പാർട്ടിക്കാർ കൊയ്തെടുക്കുന്നതായും ആരോപണമുണ്ട്.**

ത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. നിരായുധരായ ഈ കർഷകരെ തോക്കുപയോഗിച്ച് നേരിടാനുള്ള സർക്കാറിന്റെ ശ്രമം കഴിഞ്ഞ മാർച്ച് 14-ന് വെടിവെപ്പിലും കൂട്ടമരണത്തിലും കലാശിച്ച് പരാജയപ്പെട്ടതോടെ സെസ് നടപ്പാക്കുക എന്നതിനോടൊപ്പം പാർട്ടിയുടെ ദുരഭിമാനം സംരക്ഷിക്കലും സി.പി.എമ്മിന്റെ അജണ്ടയായി മാറി. ഒരു തവണ നടത്തിയ ബലപ്രയോഗത്തിന്റെ തനിയാവർത്തനമാണ് അരങ്ങേറിയതെങ്കിൽ പോലും അതിന്റെ കാട്ടാളത്തത്തെ അതിസമർഥമായി മറച്ചുപിടിക്കുന്നതിൽ ഇത്തവണ അവർ ഭാഗികമായെങ്കിലും വിജയിക്കുകയും ചെയ്തു. മൂന്ന് പേർ കൊല്ലപ്പെട്ടുവെന്ന് മാത്രമാണ് സ്ഥിരീകരിക്കപ്പെട്ടത്. പക്ഷേ ഗ്രാമങ്ങളിൽ ആയിരക്കണക്കിന് ബി.യു.പി.സിക്കാരുടെ വീടുകൾ ചുട്ടെരിക്കപ്പെടുകയും അവരുടെ കൃഷിയിടങ്ങൾ കൈയേറപ്പെടുകയും ചെയ്തു. എണ്ണമറ്റ സ്ത്രീകൾ ബലാത്സംഗത്തിനിരയായി. കത്തിച്ച വീടൊന്നിന് 10,000 രൂപ തോതിൽ നൽകാനായി 10 കോടി രൂപയാണ് ബഗാൾ സർക്കാർ നഷ്ടപരിഹാരം പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽനിന്നു തന്നെ വ്യക്തമാവുന്നുണ്ടല്ലോ കൊള്ളിവെച്ച വീടുകളുടെ എണ്ണം എത്രയുണ്ടെന്ന്. മർദനവും പീഡനവും നിത്യസംഭവങ്ങളെന്ന നിലയിൽ ഇപ്പോഴും നടക്കുന്നുമുണ്ട്. ഗ്രാമങ്ങളിൽ ഉണ്ടായിരുന്നത് ബി.യു.പി.സി അല്ലെന്നും മറിച്ച് മാവോയിസ്റ്റുകളും ഇസ്‌ലാമിക് ഫണ്ടമെന്റലിസ്റ്റുകളും ആണെന്നുമുള്ള പ്രചാരണമാണ് 'ദേശീയത' തലക്കുപിടിച്ച ഇന്ത്യൻ മാധ്യമ സമൂഹത്തിൽ ബുദ്ധദേവിനും സി.പി.എമ്മിനും രക്ഷപ്പെടാനുള്ള അവസരമൊരുക്കിയത്. തൊട്ടാലറക്കേണ്ട ഈ രണ്ട് സംഘങ്ങളും ഉണ്ടെന്ന് വന്നതോടെ നന്ദിഗ്രാമിൽ സി.പി.എം ചെയ്തതൊക്കെ ശരിയാണെന്ന് വരുത്തിത്തീർക്കുന്ന അവസ്ഥയായിരുന്നു മാധ്യമങ്ങളിൽ.

ഇക്കഴിഞ്ഞ ഒക്ടോബർ 27-ന് സമരനേതാവായിരുന്ന ഖയ്യൂം ഖാസിയെ ലോംഗ്റേഞ്ച് റൈഫിൾ ഉപയോഗിച്ച് വെടിവെച്ചു വീഴ്ത്തിയതു മുതൽ സി.പി.എമ്മിന്റെ രണ്ടാംഘട്ട ' തിരിച്ചു പിടിക്കൽ' ആരംഭിച്ചതായാണ് കരുതപ്പെടുന്നത്. വാഹിനിക്കാർ ഇടക്കിടെ ഗ്രാമങ്ങളിൽ ഓടിക്കയറി ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നുണ്ടായിരുന്നു. ഭാംഗാബേഡ, സരാസക്തി ബസാർ, കേന്ദ്രമറി, കുടിഹട്ട എന്നിവിടങ്ങളിൽ ജനങ്ങൾ ഇവരെ എതിരിട്ടുതോൽപിച്ച സംഭവങ്ങളുമുണ്ടായി. ഗ്രാമങ്ങളുടെ പ്രവേശനകവാടങ്ങളിൽ വാച്ച്ടവറുകൾ സ്ഥാപിക്കപ്പെട്ടിരുന്നു. ഹർമദ് വാഹിനിക്കാർ വരുന്നുണ്ടെന്ന് കേട്ടാൽ ഉടൻ മൈക്കിലൂടെ അറിയിപ്പ് മുഴങ്ങും. പള്ളികളിൽനിന്ന് ബാങ്കും. ഇതോടെ സ്ത്രീകളും കുട്ടികളും മുൻനിരയിലും ഗ്രാമീണർ പിന്നിലുമായി 'പ്രതിരോധം' ആരംഭിക്കുകയായി. ഈ തടസ്സത്തിനു നേർക്കാണ് കഴിഞ്ഞ മാർച്ച് 14-ന് ഇവർ കണ്ണിൽ ചോരയില്ലാതെ വെടിവെച്ചതും കൂട്ടക്കൊല നടത്തിയതും. പക്ഷേ രണ്ടാംഘട്ടത്തിൽ സി.പി.എം അടവ് മാറ്റി. ആദ്യം അവർ ചർച്ചക്ക് തയാറാവുകയാണ് ചെയ്തത്. തങ്ങളുടെ ഓടിപ്പോയ അനുഭാവികളെ തിരികെ താമസിപ്പിക്കണമെന്ന ഇവരുടെ ആവശ്യം ബി.യു.പി.സി അംഗീകരിച്ചു. അതനുസരിച്ച് നവംബർ 6-ന് ആദ്യം പട്ടാളക്കാരെ ഗ്രാമങ്ങളിലേക്ക് പ്രവേശിപ്പിക്കാനും ധാരണയിലെത്തി. പക്ഷേ പട്ടാളക്കാർ നിയന്ത്രണമേറ്റെടുത്തതോടെ സമരക്കാർ കൈയൊഴിച്ച ഗ്രാമകവാടങ്ങളിലൂടെ ഹർമദ്വാഹിനി നുഴഞ്ഞുകയറുകയാണ് ചെയ്തത്. ഒറ്റ രാത്രി കൊണ്ടുതന്നെ മുഴുവൻ ബി.യു.പി.സി പ്രവർത്തകരെയും വെടിവെച്ചും ബോംബെറിഞ്ഞും ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ഗ്രാമങ്ങളിൽനിന്ന് പുറത്താക്കുകയായിരുന്നു. അവരുടെ വീടുകൾ രാത്രിക്കുരാത്രി തീയിടുകയും ചെയ്തു.

വിരലിലെണ്ണാവുന്ന ഒരുകൂട്ടം 'അഭയാർഥികളെ' പുനരധിവസിപ്പിക്കാനായി എണ്ണിയാലൊടുങ്ങാത്ത ജനങ്ങളെ അഭയാർഥികളാക്കുകയാണ് നന്ദിഗ്രാമിൽ ഇപ്പോൾ നടന്നത്. ഉടുതുണിക്ക് മറുതുണിയില്ലാതെ ഈ പാവങ്ങൾ നന്ദിഗ്രാം ടൗണിലെ ഒരു സ്കൂളിനു ചുറ്റുമായി അലഞ്ഞുനടക്കുകയാണ്. ഭക്ഷണത്തിനും തൊഴിലിനും മറ്റ് മാർഗങ്ങൾ ഉള്ളവർ കൊൽക്കത്തയിലേക്കും മറ്റുമായി ഒഴിഞ്ഞുപോയി. ഭർത്താക്കന്മാർ എവിടെയെന്നറിയാത്ത സ്ത്രീകളും കൃഷിയല്ലാതെ മറ്റു വരുമാന മാർഗങ്ങൾ ഇല്ലാത്ത പാവങ്ങളുമാണ് ഇപ്പോൾ ബ്രിജ്മോഹൻ തിവാരി സ്കൂളിലെ അഭയാർഥി ക്യാമ്പിലുള്ളത്. പക്ഷേ അവരുടെ എണ്ണം മാത്രം 2500-ഓളം വരും. ഇവർക്കു മടങ്ങിവരാവുന്നതാണെന്ന് സർക്കാറും സി.പി.എമ്മും പറയുന്നുണ്ടെങ്കിലും പട്ടാളത്തിന്റെ സംരക്ഷണം ഉറപ്പുതരുമെങ്കിലല്ലാതെ ഗ്രാമങ്ങളിൽ തിരിച്ചുപോയി ജീവിക്കാനാവില്ലെന്ന് ക്യാമ്പിലുള്ളവർ പറയുന്നു. മടങ്ങിപ്പോയ പലർക്കും നേരിട്ട ക്രൂരമർദനം പോകണമെന്ന് ആഗ്രഹമുള്ള പലരെയും തടുത്തു നിർത്തുകയും ചെയ്യുന്നു. ഗ്രാമീണർക്ക് മടങ്ങിവരാവുന്നതാണെന്ന് കൊട്ടിഘോഷിക്കുന്ന അതേ ശ്വാസത്തിൽ തന്നെ ബി.യു.പി.സിയുമായി ബന്ധമുള്ള ഒരുത്തനെയും തിരിച്ചുവരാൻ അനുവദിക്കില്ലെന്ന ഭീഷണിയും പാർട്ടിക്കാർ മുഴക്കുന്നുണ്ട്.

എന്തായാലും ഇപ്പോഴത്തെ അവസ്ഥയിൽ നന്ദിഗ്രാമിലെ ഗ്രാമങ്ങളിൽ ആർക്കും ഒരു സുരക്ഷിതത്വവുമില്ല. സി.പി.എമ്മിനെ പേടിച്ച് ആളുകൾ സ്വമേധയാ ഒഴിഞ്ഞു പോകുന്ന അവസ്ഥയാണ് സൃഷ്ടിക്കപ്പെടുന്നത്. കൃഷിഭൂമി സംരക്ഷിക്കാൻ പഴയതു പോലെ ഗ്രാമങ്ങളിൽ സംഘടിച്ച് നിൽക്കുക ഏതാണ്ട് അസാധ്യമായിട്ടുണ്ട്. മേദിനിപ്പൂർ ജില്ലയിലെ മുഴുവൻ ക്രിമിനലുകളും ഇപ്പോൾ നന്ദിഗ്രാമിലാണ് താവളമടിച്ചിട്ടുള്ളത്. അവരെ സംരക്ഷിക്കുന്നതാകട്ടെ സി.പി.എമ്മിന്റെ ഗുണ്ടാപടയായ ഹർമദ് വാഹിനിയും. ഓരോ ഗ്രാമങ്ങളിലും മടങ്ങിയെത്തുന്നവരിൽനിന്ന് ഇവർ ഗുണ്ടാപ്പണം പരിക്കുന്നതായും നൽകാൻ വിസമ്മതിക്കുന്നവരുടെ വിളകൾ പാർട്ടിക്കാർ കൊയ്തെടുക്കുന്നതായും ആരോപണമുണ്ട്. ചില കുടുംബങ്ങളിൽനിന്ന് 25,000 രൂപ വരെ ഗുണ്ടകൾ ചോദിച്ചതായാണ് പരാതി. ഈ സാഹചര്യത്തിൽ കിട്ടുന്ന വിലയ്ക്ക് ഭൂമി കൈമാറി ഒഴിഞ്ഞുപോയെങ്കിലെന്ത് എന്ന് ചിന്തിക്കുന്നവരും കുറവല്ല. നന്ദിഗ്രാം പ്രക്ഷോഭം പോലെ ഒരു കാലത്ത് വാർത്തകളിൽ നിറഞ്ഞുനിന്ന മറ്റൊരു സ്ഥലമായിരുന്നുവല്ലോ സിംഗൂർ. സിംഗൂരിലെ ജനങ്ങളിൽ ഭൂരിപക്ഷവും സർക്കാറിന് ഭൂമി കൈമാറുകയാണ് പിന്നീടുണ്ടായത്. അതേ സാഹചര്യം കൃത്രിമമായി നന്ദിഗ്രാമിൽ സൃഷ്ടിക്കപ്പെടുകയാണ് ചെയ്യുന്നതെന്നാണ് സന്നദ്ധ സംഘടനകൾ ചൂണ്ടിക്കാട്ടുന്നത്. നിർദിഷ്ട സെസ് ഒന്നോ രണ്ടോ വർഷത്തിനകം നന്ദിഗ്രാമിൽ നടപ്പാക്കപ്പെടുക തന്നെ ചെയ്യുമെന്നും ഇവർ പറയുന്നു. ■